# **അവാർഡുകളും പുരസ്കാരങ്ങളും**

കേരള ഭാഷാ ഇൻസ്റ്റിറ്റ്യൂട്ടിന്റെ ഈ വർഷത്തെ (2009) അവാർഡുകൾക്ക് വേണ്ടി തെരഞ്ഞെടുത്ത **രചനകളും രചയിതാക്കളും**.

1 എൻ.വി.കൃഷ്ണവാര്യർ സ്മാരക വൈജ്ഞാനിക ഗ്രന്ഥത്തിനുള്ള അവാർഡ് ഡോ.എഴുമറ്റൂർ രാജരാജവർമ രചിച്ച **ഭാഷയും ഭരണഭാഷയും** എന്ന ഗ്രന്ഥമാണ് നേടിയിട്ടുള്ളത്.

2 വൈക്കം മുഹമ്മദ് ബഷീർ സ്മാരക നോവൽ/കഥാസമാഹാരത്തിനുള്ള അവാർഡ് ശ്രീ.പി.കെ.പാറക്കടവ് രചിച്ച **'അവൾ പെയ്യുന്നു'** എന്ന കഥാസമാഹാരത്തിനാണ് നൽകുന്നത്.

3 കെ.എം.ജോർജിന്റെ പേരിലുള്ള നിരൂപണ ഗവേഷണ ഗ്രന്ഥത്തിനുള്ള അവാർഡ് ശ്രീമതി എസ്.ശാരദക്കുട്ടി രചിച്ച **'പെൺവിനിമയങ്ങൾ'** എന്ന കൃതിക്കാണ് നൽകുന്നത്.

4 എം.പി.കുമാരന്റെ പേരിലുള്ള വിവർത്തന ഗ്രന്ഥത്തിനുള്ള അവാർഡ് കെ..എം.അജീർകുട്ടി പരിഭാഷപ്പെടുത്തിയ **'മഹമൂദ് ദാർവിഷിന്റ കവിതകൾ'** എന്ന കൃതിക്കാണ് നൽകുന്നത്.

നാൽപ്പത് വയസിൽ കുറഞ്ഞ രചയിതാക്കൾക്ക് നൽകുന്ന
**പ്രസിദ്ധീകരിക്കാത്ത രചനകൾക്കുള്ള അവാർഡുകൾ**

1 എൻ.വി.സ്മാരക വൈജ്ഞാനിക അവാർഡ്: **ഏകജീവിതാനശ്വരഗാനം** (ഡോ.പ്രദീപൻ പാമ്പിരിക്കുന്ന്)

2 ബഷീർ സ്മാരക ചെറുകഥയ്ക്കുള്ള അവാർഡ്: **ഉടുമ്പ്** (ഷാജികുമാർ.പി.വി)

3 കെ.എം.ജോർജ് സ്മാരക നിരൂപണ/ഗവേഷണ അവാർഡ്: **ശിങ്കിടിമുങ്കൻ: ഭക്തിയുടെ നർമരസം** (അജയ് പി.മാങ്ങാട്)

4 എം.പി.കുമാരൻ സ്മാരക വിവർത്തനത്തിനുള്ള അവാർഡ്: **ദേശീയ സംസ്കാരം A translation of National Culture by Frants Fanon** (ഷിജു ഏലിയാസ്)

*പെരുമ്പടവം ശ്രീധരൻ, ഡോ.അശോകൻമുണ്ടോൻ, കെ.ഇ.എൻ. എന്നിവർ ചേർന്നാണ് അർഹമായ രചനകൾ തെരഞ്ഞെടുത്തത്.*

ആദ്യവിഭാഗത്തിൽ പതിനായിരം രൂപയും പ്രശസ്തിപത്രവും ശിൽപ്പവുമാണ് നൽകുക. രണ്ടാം വിഭാഗത്തിൽ 5000 രൂപയും പ്രശസ്തിപത്രവും ശിൽപ്പവുമാണ് നൽകുക. അവാർഡുകൾ 2009 ആഗസ്റ്റ് 25 ചൊവാഴ്ച **ബഹു.സാംസ്കാരികവകുപ്പ് മന്ത്രി ശ്രീ.എം.എ.ബേബി** വൈലോപ്പിള്ളി സംസ്കൃതി ഭവനിൽ വച്ച് വിതരണം ചെയ്യുന്നു.